**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2219** **11.03.2020-ൽ മറുപടിക്ക്**

# മുറ്റത്തെ മുല്ല പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന മുറ്റത്തെ മുല്ല പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെതട്ടിൽ ഉള്ളവർ, കൂലി വേലക്കാർ ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്ന് രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘുവായ്പ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഈ പദ്ധതി പ്രകാരം 1,000/- രൂപ മുതൽ 50,000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും 12% പലിശ (നൂറു രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി *52* ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് |

| | | | |
|---|---|---|---|
| | | | 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം. വായ്പ നൽകാൻ ആവശ്യമായ സംഖ്യ, ഒരു യൂണിറ്റിന് പരമാവധി 20 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ സംഘം കുടുംബശ്രീ യൂണിറ്റുകൾക്ക് ക്യാഷ് ക്രെഡിറ്റ് വായ്പയായി നൽകാൻ ടി പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി പദ്ധതി ആദ്യമായി പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കുകയും ആയത് വൻ വിജയമായതിനെ തുടർന്ന് നിലവിൽ എല്ലാ ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിച്ച് വിജയകരമായി നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. |
| (ബി) | കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ പ്രസ്തുത പദ്ധതി വഴി എത്ര രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ പ്രസ്തുത പദ്ധതി വഴി 4,847,195,890.00 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**